ജപ്പാൻകുടിവെള്ള പദ്ധതിയുടെ (ജെ.ബി.ഐ.സി.) വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

73 (2351) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. കുമാരൻ :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ (ജെ.ബി.ഐ.സി.) വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) ജെ.ബി.ഐ.സി. പദ്ധതി നടപ്പിലാക്കുന്നതിന് ആഗോള നിലവാരമുള്ള കൺസൾട്ടൻസിയെ നിയമിക്കണമെന്നുള്ള വ്യവസ്ഥ അവർ മുന്നോട്ടുവച്ചിട്ടുണ്ടോ ; അതിന്റെ വിശദാംശങ്ങൾ പറയാമോ ;

(സി) ഇതിനായി ആഗോള ടെണ്ടർ വിളിച്ചിട്ടുണ്ടോ ; ഏതൊക്കെ പ്രസിദ്ധീകരണങ്ങളിലാണ് ഇതിന്റെ പരസ്യം നല്കിയതെന്ന് പറയാമോ ;

(ഡി) ടോക്കിയോ എഞ്ചിനീയറിംഗ് കൺസൾട്ടൻസി കമ്പനി ലിമിറ്റഡ് ജപ്പാൻ ലീഡ് പാർട്ട്ണർ ആയിട്ടുള്ള റി.ഇ.സി. കൺസോർഷ്യത്തിനെ കൺസൾട്ടന്റ് ആയി തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ ;

(ഇ) ഇവരുമായി ഒപ്പുവച്ച കരാറിന് ജെ.ബി.ഐ.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അംഗീകാരം ലഭിച്ചതെന്നാണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) നേരത്തെ ഈ പദ്ധതിക്ക് തെരഞ്ഞെടുത്ത കൺസൾട്ടൻസി സ്ഥാപനത്തിന് നൽകേണ്ടതിനേക്കാൾ 30 കോടി രൂപ കൂടുതൽ പുതിയ കൺസൾട്ടൻസി സ്ഥാപനത്തിന് നൽകേണ്ടിവരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ജി) റ്റി.ഇ.സി. കൺസോർഷ്യത്തിന്റെ ഇന്ത്യൻ പാർട്ട്ണർ കൺസൾട്ടന്റുമാരിൽ ഒരു സ്ഥാപനമായ തിരുവനന്തപുരത്തെ സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡവലപ്പ്മെന്റിന് എല്ലാ യോഗ്യതകളുമുണ്ടോ ;

(എച്) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥൻമാരുടെ ഒരു സ്ഥാപനം കൺസൾട്ടന്റായി വരുന്നത് ശരിയായ നടപടിയാണോ ; ഇത് സംബന്ധിച്ച ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഐ) ഈ പദ്ധതി എന്നു മുതലാണ് ആരംഭിക്കുന്നതെന്നും എപ്പോഴാണ് പൂർത്തിയാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ജെ.ബി.ഐ.സി.-യും കേന്ദ്രസർക്കാരും തമ്മിൽ ഒപ്പുവച്ച കരാർ വ്യവസ്ഥകളിൽ ആഗോള നിലവാരമുള്ള കൺസൾട്ടന്റിനെ നിയമിക്കണമെന്ന വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൺസൾട്ടന്റുമാരുടെ ഷോർട്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് "ലറ്റർ ഓഫ് ഇന്ററസ്റ്റ്" ആഗോളാടിസ്ഥാനത്തിൽ ക്ഷണിച്ചു. മാതൃഭൂമി കേരള കൗമുദി, ദേശാഭിമാനി, ദി ഇക്കണോമിക് ടൈംസ്, ദിഫൈനാൻഷ്യൽ എക്സ്പ്രസ്സ് ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ്, ദി ഹിന്ദു എന്നീ പത്രങ്ങളിലാണ് പരസ്യം നല്കിയത്.

(ഡി) കേന്ദ്ര സർക്കാരും ജെ.ബി.ഐ.സി.-യും തമ്മിൽ കേരള വാട്ടർ സപ്ലൈ പ്രോജക്ടിനുവേണ്ടി ഒപ്പിട്ട കരാറിൽ പദ്ധതി നടപ്പിലാക്കാനായി കേരള ജല അതോറിറ്റി കൺസൾട്ടന്റിനെ നിയോഗിക്കണമെന്ന് അനുശാസിക്കുന്നു. ജെ.ബി.ഐ.സി. നിബന്ധനകൾ പാലിച്ചുകൊണ്ട് ആഗോളാടിസ്ഥാനത്തിൽ ലറ്റർ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചപ്പോൾ ലഭിച്ച സ്ഥാപനങ്ങളിൽ നിന്നും 5 കമ്പനികളുടെ ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയശേഷം അവരിൽ നിന്ന് വിശദമായ ടെക്നിക്കൽ പ്രൊപ്പോസലും ഫൈനാൻഷ്യൽ പ്രൊപ്പോസലും ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ് നല്കി. അറിയിപ്പിനൊപ്പം പ്രൊപ്പോസലുകളുടെ മൂല്യനിർണ്ണയത്തിനുള്ള വിശദമായ മാനദണ്ഡങ്ങളും പദ്ധതി സംബന്ധിച്ച വിവരങ്ങളും അടങ്ങിയ 'ലറ്റർ ഓഫ് ഇൻവിറ്റേഷനും ടേംസ് ഓഫ് റഫറൻസും പ്രസ്തുത അഞ്ച് കമ്പനികൾക്കും നല്കിയിരുന്നു. അഞ്ച് കമ്പനികളിൽ മൂന്നുപേർ ടെക്നിക്കൽ പ്രൊപ്പോസലും സാമ്പത്തിക പ്രൊപ്പോസലും ജെ.ബി.ഐ.സി. അംഗീകരിച്ചിരുന്ന ടി.ഒ.ആർ.-ൽ ടെക്നിക്കൽ ഇവാല്യൂവേഷൻ സംബന്ധിച്ച വിവരങ്ങളുടെ സംക്ഷിപ്ത രൂപം ഇപ്രകാരമാണ്.

പ്രൊപ്പോസലുകൾ ഒരു കമ്പനിക്ക് തനിച്ചോ, ഒന്നിൽ കൂടുതൽ കമ്പനികളുടെ കൂട്ടായ്മയായോ (കൺസോർഷ്യം/അസോസിയേഷൻ) സമർപ്പിക്കാവുന്നതാണ്. ഒരു കമ്പനിയെ ലീഡ് പാർട്ട്ണർ ആയി നിർദ്ദേശിക്കണം. കൂട്ടായ്മയാണെങ്കിൽ പരമാവധി അഞ്ച് അംഗങ്ങൾ ആകാം. മൂല്യനിർണ്ണയം നടത്തുമ്പോൾ ഒന്നിൽ കൂടുതൽ കമ്പനികളുടെ കൂട്ടായ്മയാണെങ്കിലും അതിനെ ഒറ്റ 'എന്റിറ്റി' (Entity) ആയി മാത്രമേ കണക്കാക്കുകയുള്ളൂ.

മൂല്യനിർണ്ണയത്തിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളും അവയ്ക്ക് പരിഗണിക്കുന്ന വിശദാംശങ്ങളും അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു*.

മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മൂന്ന് കൺസോർഷ്യവും നല്കിയ പ്രൊപ്പോസലുകൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ റ്റി.ഇ.സി. കൺസോർഷ്യം ഒന്നാമതായും പി.എ.സി.റ്റി. കൺസോർഷ്യം രണ്ടാമതായും മോട്ട് എൻ.ജെ.എസ്.കൺസോർഷ്യം മൂന്നാമതായും റാങ്ക് ചെയ്യപ്പെട്ടു.

(ഇ) ഇല്ല.

(എഫ്) പുതിയ കൺസൾട്ടൻസി സ്ഥാപനത്തിന് 30 കോടി രൂപ കൂടുതൽ നല്കേണ്ടി വരുന്നില്ല. പഴയ ടെണ്ടറിൽ കൺസൾട്ടൻസിയായി നെഗോഷ്യയേറ്റ് ചെയ്തപ്പോൾ ലഭിച്ച തുകയേക്കാൾ കുറഞ്ഞ തുകയാണ് പുതിയ ടെണ്ടർ പ്രകാരം അംഗീകരിച്ച തുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ജി) ടെക്നിക്കൽ ഇവാല്യൂവേഷൻ മാനദണ്ഡം അനുസരിച്ച് കൺസോർഷ്യത്തെ ഒരു എന്റിറ്റി (Entity) ആയി പരിഗണിച്ചാണ് റാങ്കിംഗ് തീരുമാനിക്കുന്നത്. ഓരോ പാർട്ട്ണർമാർക്കും പ്രത്യേകം മിനിമം യോഗ്യതകൾ എല്ലാ മേഖലയിലും നിഷ്കർഷിച്ചിട്ടില്ല. ജനറൽ എക്സ്പീരിയൻസ് വിലയിരുത്തുമ്പോൾ മാത്രം ഓരോ പാർട്ണർമാരുടേയും വിവരങ്ങൾ പ്രത്യേകം പരിഗണിക്കും. ജനറൽ എക്സ്പീരിയൻസ് മാനദണ്ഡം അനുസരിച്ച് സി.ഇ.സി.-ക്ക് യോഗ്യതകൾ കുറവാണ്. പക്ഷേ, കൺസോർഷ്യത്തിന് മൊത്തത്തിലും മറ്റു കൺസോർഷ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോഴും ഏറ്റവും കൂടുതൽ യോഗ്യതയുണ്ട്.

(എച്ച്) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥൻമാരുടെ ഒരു സ്ഥാപനം കൺസൾട്ടന്റായി വന്നിട്ടില്ല. ജെ.ബി.ഐ.സി. പദ്ധതിയുടെ നിർവ്വഹണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത് റ്റി.ഇ.സി. കൺസോർഷ്യത്തിനേയാണ്. ആ കൺസോർഷ്യത്തിൽ ഉള്ള ഒരു പങ്കാളിയായ സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനം വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ച ഏതാനും പേരെ ടെക്നിക്കൽ സ്റ്റാഫായി ജോലിക്ക് നിയോഗിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നും അതുപോലെയുള്ള മറ്റു സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ധാരാളം ആളുകളെ ടെണ്ടറിൽ പങ്കെടുത്ത കൺസൾട്ടൻസി സ്ഥാപനങ്ങൾ ടെക്നിക്കൽ സ്റ്റാഫായി നിയോഗിച്ചിട്ടുണ്ട്. ഇതിൽ ക്രമവിരുദ്ധമായോ മാർഗ്ഗ നിർദ്ദേശങ്ങളുടെ ലംഘനമായോ ഒന്നുമില്ല.

(ഐ) 2003-ൽ ആരംഭിച്ച 2006-07-ൽ പൂർത്തിയാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

സെക്ടർ റിഫോംസ് കൂടിവെള്ള പദ്ധതി

74 (2352) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്, കൊല്ലം ജില്ലകളിൽ നടപ്പിലാക്കുന്ന "സെക്ടർ റിഫോംസ്" കൂടിവെള്ള പദ്ധതി നടത്തിപ്പിന്റെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര തുകയാണ് ഇതുവരെ അനുവദിച്ചുകിട്ടിയത് ; ഇതിൽ എത്ര തുക ചെലവഴിച്ചു ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ ഒന്നാംഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ള 5 ഗ്രാമപഞ്ചായത്തുകളിലെ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഈ പഞ്ചായത്തുകളിൽ 25 സ്രോതസ്സുകളുടെ പണി പൂർത്തിയായി. 8 സ്ഥലങ്ങളിൽ പമ്പ് ഹൗസിന്റെയും ടാങ്കിന്റെയും പണി

LIBRARY ARCHIVES Kerala Legislative Assembly